**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2353**

**06/12/2018 ലെ മറുപടിയ്ക്ക്**

**ഗ്രൂപ്പ് ആക്സിഡന്റ് പേഴ്സണൽ ഇൻഷ്വറൻസ് സ്കീം പ്രകാരമുള്ള ക്ലെയിം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | | ഡോ: ടി. എം.തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പമന്ത്രി |
| എ | മലപ്പുറം ജില്ലയിലെ വണ്ടൂർ സർക്കാർ ഗേൾസ് ഹയർസെക്കന്ററി സ്കൂളിലെ പൊളിറ്റിക്കൽ സയൻസ് അധ്യാപകൻ സി.ടി.പി. ഉണ്ണിമൊയ്തീൻകുട്ടി ഗ്രൂപ്പ് ആക്സിഡന്റ് പേഴ്സണൽ ഇൻഷ്വറൻസ് സ്കീം പ്രകാരം ക്ലെയിമിന് നൽകിയ അപേക്ഷ നിരസിച്ചതിനാൽ (ഫയൽ നമ്പർ എസ്റ്റാ.ഡി3/17/2016-ധന (ഇ 168250) ധനകാര്യ എസ്റ്റാബ്ലിഷ്മെന്റ് വകുപ്പ്) ധനകാര്യ വകുപ്പമന്ത്രിക്ക് നൽകിയ അപ്പീൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | ഈ അപ്പീൽ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട ക്ലെയിം രേഖകൾ പരിശോധിച്ചതിൽ ശ്രീ.ഉണ്ണീമൊയ്തീൻകുട്ടിക്ക് അപകടത്തിൽ പരിക്കേറ്റിരിക്കുന്നത് 09/02/2014 നും ജി.പി.എ.ഐ.എസ് പ്രീമിയം തുക ട്രഷറിയിൽ ഒടുക്കിയിരിക്കുന്നത് 04/03/2014 നുമാണ്. അപകടം സംഭവിച്ച തീയതിക്ക് അനുസൃതമായി അപേക്ഷകന് ജി.പി.എ.ഐ.എസ് ആനുകൂല്യം ലഭിക്കുന്നതിന് 13/11/2013 തീയതിയിലെ ജി.ഒ(പി) നം.555/2013/ധന പ്രകാരം പ്രീമിയം തുക ഡിസംബർ 31ന് മുമ്പ് ട്രഷറിയിൽ ഒടുക്കണമായിരുന്നു. പേ സ്ലിപ്പ് ലഭിക്കാത്തതിനാലാണ് പ്രസ്തുത സമയപരിധിക്കുള്ളിൽ പ്രീമിയം തുക ട്രഷറിയിൽ ഒടുക്കുവാൻ കഴിയാത്തതെന്ന് അപേക്ഷകൻ സൂചിപ്പിക്കുന്നുണ്ടെങ്കിലും മേൽ ഉത്തരവ് പ്രകാരം സെൽഫ് ഡ്രോയിംഗ് ഓഫീസർ എന്ന നിലയിൽ പ്രീമിയം തുക സ്വന്തം നിലയിൽ പ്രത്യേക ചെലാൻ മുഖാന്തിരം ട്രഷറിയിൽ ഒടുക്കാമായിരുന്നു. ഈ രീതിയിലും അപേക്ഷകൻ പ്രീമിയം തുക ട്രഷറിയിൽ ഒടുക്കിയിട്ടില്ല. ജി.പി.എ.ഐ.എസ് പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം പ്രസ്തുത |

| | | |
|---|---|---|
| | | പദ്ധതിയിൽ അംഗമാകുന്നതിന് പ്രീമിയം തുക മുൻകൂറായി ട്രഷറിയിൽ ഒടുക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ അപ്പീൽ അപേക്ഷയിലെ ആവശ്യം അനുവദിക്കുവാൻ കഴിയുകയില്ലെന്ന് അപേക്ഷകനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ